2024
AUGUST
06
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## റീ ബിൽഡ് വയനാടിനായി സാലറി ചലഞ്ച് നിർദേശവുമായി സർക്കാർ

**തിരുവനന്തപുരം:** റീ ബിൽഡ് വയനാടിനായി സാലറി ചലഞ്ച് നിർദേശവുമായി സംസ്ഥാന സർക്കാർ. 5 ദിവസത്തെ ശമ്പളം നൽകാനാണ് നിലവിലെ ധാരണ. സർവീസ് സംഘടനകളുടെ യോഗത്തിൽ മുഖ്യമന്ത്രിയാണ് ശമ്പളത്തിൽ നിന്നുള്ള വിഹിതം ആവശ്യപ്പെട്ടത്. 10 ദിവസത്തെ ശമ്പളം നൽകാമോ എന്ന അഭിപ്രായമാണ് സർക്കാർ മുന്നോട്ടുവച്ചത്. പുനരധിവാസത്തിന് വേണ്ടി 1,000 കോടി എങ്കിലും വരുമെന്നാണ് സർക്കാരിൻറെ കണക്കുകൂട്ടൽ. 5 ദിവസത്തെ ശമ്പളം നൽകാൻ സർവീസ് സംഘടനകൾക്കിടയിൽ ധാരണയായിട്ടുണ്ട്.

ഗഡുക്കളായി നൽകാനും അവസരം നൽകണമെന്നും യോഗത്തിൽ നിർദേശമുയർന്നു. ഇത് സംബന്ധിച്ച ഉത്തരവ് ഉടൻ പുറത്തിറങ്ങിയേക്കും.

## സംസ്ഥാനത്തെ 17 പൊലീസ് സൂപ്രണ്ടുമാർക്ക് ഐപിഎസ് നൽകി കേന്ദ്ര ആഭ്യന്തര മന്ത്രാലയം

**തിരുവനന്തപുരം:** കേരളാ പൊലീസിലെ മുതിർന്ന 17 പൊലീസ് സൂപ്രണ്ടുമാർക്ക് ഐപിഎസ് നൽകി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൻറെ ഉത്തരവ്. ജൂൺ 20ന് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നടത്തിയ സെലക്ഷൻറെ അടിസ്ഥാനത്തിലാണ് നിയമനം. കേരളം നൽകിയ 60 സൂപ്രണ്ട് മാരുടെ ലിസ്റ്റിൽ നിന്നും മികച്ച ട്രാക്ക് റെക്കോർഡ് ഉള്ള ഉദ്യോഗസ്ഥർക്ക് ആണ് നിയമനം. സെലക്ഷൻ കമ്മിറ്റി മീറ്റിംഗിൽ യുപിഎസ് സി അംഗങ്ങൾക്ക് പുറമെ സംസ്ഥാന ചീഫ് സെക്രട്ടറി, അഭ്യന്തര സെക്രട്ടറി, സംസ്ഥാന പൊലീസ് മേധാവി എന്നിവർ പങ്കെടുത്തു.

കെ.കെ. മാർക്കോസ്, എ. അബ്ദുൾ റാഷി, പി.സി. സജീവൻ, വി.ജി വിനോദ് കുമാർ, പി.എ. മുഹമ്മദ് ആരിഫ്, എ. ഷാനവാസ്,എസ്. ദേവമനോഹർ, കെ. മുഹമ്മദ് ഷാഫി, ബി. കൃഷ്ണകുമാർ, കെ. സലിം, ടി.കെ സുബ്രഹ്മണ്യൻ, കെ.വി മഹേഷ്ദാസ്, കെ.കെ മൊയ്തീൻ കുട്ടി , എസ്. ആർ. ജ്യോതിഷ് കുമാർ, വി.ഡി. വിജയൻ, പി. വാഹിദ് , എം.പി മോഹനചന്ദ്രൻ നായർ.

ഇവരിൽ ബഹുഭൂരിപക്ഷം പേരും വിരമിച്ചു കഴിഞ്ഞു. ഇവർ ഇന്ന് ചീഫ് സെക്രട്ടറി മുമ്പാകെ റിപ്പോർട്ട് ചെയ്യും. അതോടെ ഇവർ സംസ്ഥാന ഐപിഎസ് ഉദ്യോഗസ്ഥരാവും. അതിനു ശേഷമാവും ഇവർക്ക് നിയമനം ലഭിക്കുക.

## ബ്രിട്ടന്റെ അനുവാദം കാത്ത് ഹസീന

# ബംഗ്ലദേശ് അതിർത്തിയിൽ അതീവ ജാഗ്രത

**ന്യൂഡൽഹി:** ബ്രിട്ടനിൽ താമസിക്കാൻ അനുവാദം ലഭിക്കുന്നതുവരെ ബംഗ്ലദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീന ഇന്ത്യയിൽ തുടരുമെന്ന് രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. രാജിവച്ചശേഷം സൈനിക വിമാനത്തിൽ രാജ്യം വിട്ട അവർ ലണ്ടനിലേക്കുള്ള യാത്രാമധ്യേ യുപിയിൽ ഗാസിയാബാദ് ഹിൻഡൻ വ്യോമതാവളത്തിൽ ഇറങ്ങുകയായിരുന്നു.

ബംഗ്ലദേശ് കലാപത്തെ തുടർന്ന് ഇന്ത്യ,ബംഗ്ലദേശ് അതിർത്തി മേഖലകളിൽ ബിഎസ്എഫ് അതീവ ജാഗ്രതയിലാണ്. 4,096 കിലോമീറ്റർ അതിർത്തിയാണ് ഇന്ത്യയും ബംഗ്ലദേശും തമ്മിലുള്ളത്. ബിഎസ്എഫ് ഡയറക്ടർ ജനറലിന്റെ ചുമതല വഹിക്കുന്ന ദൽജിത്ത് സിങ് ചൗധരിയുടെ നേതൃത്വത്തിലുള്ള ഉന്നതതലസംഘം അതിർത്തി മേഖലകളിൽ നേരിട്ടെത്തി സ്ഥിതി വിലയിരുത്തി. ബംഗ്ലാദേശിൽ പ്രക്ഷോഭകാരികൾ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതി കൊള്ളയടിച്ചു. രണ്ടു ദിവസത്തെ ഏറ്റുമുട്ടലുകളിൽ 157 പേരാണ് കൊല്ലപ്പെട്ടത്.



ഷെയ്ഖ് ഹസീനയെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ സന്ദർശിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ സുരക്ഷാകാര്യ കാബിനറ്റ് സമിതി യോഗം ചേർന്നു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, അമിത് ഷാ, നിർമല സീതാരാമൻ, എസ്.ജയശങ്കർ എന്നിവരാണു സമിതിയിലെ അംഗങ്ങൾ. വിദേശകാര്യ മന്ത്രി എസ്.ജയശങ്കർ പ്രധാനമന്ത്രിയുമായി പ്രത്യേകമായും കൂടിക്കാഴ്ച നടത്തി.

## ബംഗ്ലാദേശിൽ അധികാരമേറ്റെടുത്ത് സൈന്യം

**ധാക്ക:** സർക്കാർ വിരുദ്ധ പ്രക്ഷോഭം തുടരുന്ന ബംഗ്ലാദേശിൽ ഭരണം ഏറ്റെടുത്ത് സൈന്യം. രാജ്യത്തിൻറെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും, ഇടക്കാല സർക്കാർ ഉടൻ രൂപീകരിക്കുമെന്നും സൈനിക മേധാവി വാകർ ഉസ് സമാൻ പറഞ്ഞു.രാജ്യത്തോടായി നടത്തിയ പ്രസംഗത്തിലായിരുന്നു വാകർ ഇക്കാര്യം വ്യക്തമാക്കി. രാജ്യം വളരെയേറെ കഷ്ടപ്പാടുകൾ നേരിട്ടു.



രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥ തകർന്നു. നിരവധി ആളുകളാണ് കൊല്ലപ്പെട്ടത്. ഇത് അക്രമം അവസാനിപ്പിക്കേണ്ട സമയമാണെന്നും സൈനിക മേധാവി പറഞ്ഞു.

വിദ്യാർഥികൾ പുതിയ സർക്കാരിനോട് സഹകരിക്കുകയും വേണം. ആഴ്ചകളോളം നീണ്ട പ്രക്ഷോഭത്തിൽ കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്നും സൈനിക മേധാവി അറിയിച്ചു.

## ആഗോള ഓഹരി വിപണികൾ മൂക്കുകുത്തി

**കൊച്ചി:** അമേരിക്ക മാന്ദ്യത്തിലേക്ക് നീങ്ങുന്നുവെന്ന ആശങ്കയിൽ ആഗോള ഓഹരി വിപണികൾ മൂക്കുകുത്തി. അമേരിക്കയിലെ തൊഴിലില്ലായ്മ രൂക്ഷമായതും



കമ്പനികളുടെ മോശം പ്രവർത്തന ഫലങ്ങളും മാന്ദ്യ സൂചനയാണ് നൽകുന്നത്. ഇതോടെ നിക്ഷേപകർ ഇന്ത്യ ഉൾപ്പെടെയുള്ള വിപണികളിൽ കനത്ത വില്പന സമ്മർദം സൃഷ്ടിച്ചു. പ്രധാന ഓഹരി സൂചികകളായ സെൻസെക്സ്, നിഫ്റ്റി എന്നിവ 3 ശതമാനത്തിലധികം തകർന്നു. 1987ന് ശേഷം നിക്കിയിലുണ്ടാകുന്ന ഏറ്റവും വലിയ തകർച്ചയിൽ ജപ്പാനിലെ നിക്കി 13 ശതമാനം ഇടിഞ്ഞു. യൂറോപ്പിലെ പ്രധാന ഓഹരി സൂചികകൾ കനത്ത നഷ്ടത്തിലാണ് വ്യാപാരം നടത്തുന്നത്. ഏഷ്യയിലെ തായ്‌ലൻഡ്, മലേഷ്യ, ഹോങ്കോങ് എന്നീ വിപണികൾ വൻ നഷ്ടത്തിലേക്ക് മൂക്കുകുത്തി. ഓഹരി വിപണിയിൽ നിന്ന് വിദേശ നിക്ഷേപകർ വൻതോതിൽ പണം പിൻവലിച്ചതോടെ ഡോളറിനെതിരെ രൂപയുടെ മൂല്യം ചരിത്രത്തിലെ ഏറ്റവും താഴ്ന്ന നിരക്കായ 83.84ൽ എത്തി. എന്നാൽ ജാപ്പനീസ് യെൻ, സ്വിസ് ഫ്രാങ്ക് എന്നിവയുടെ മൂല്യം ഗണ്യമായി ഉയർന്നു. ക്രൂഡോയിൽ വിലയും ഒന്നര ശതമാനം കുറഞ്ഞു. അതേസമയം സുരക്ഷിത നിക്ഷേപമെന്ന നിലയിൽ വാങ്ങൽ താത്പര്യം കൂടിയതോടെ രാജ്യാന്തര വിപണിയിൽ സ്വർണ വില ഉയർന്നു.

ആഗോള മേഖലയിലെ പ്രതികൂല വാർത്തകളുടെ ചുവട് പിടിച്ച് ഇന്ത്യൻ ഓഹരി വിപണിയിലും വൻ ഇടിവുണ്ടായി. ബോംബെ ഓഹരി സൂചികയായ സെൻസെക്സ് 2,222 പോയിൻറ് നഷ്ടത്തോടെ 78,759ൽ വ്യാപാരം അവസാനിപ്പിച്ചു. ദേശീയ സൂചിക നിഫ്റ്റി 666.11 പോയിൻറ് തകർച്ചയോടെ 24,055ൽ എത്തി. മെറ്റൽ, റിയൽറ്റി, വാഹന മേഖലകളിലെ ഓഹരികളാണ് വില്പന സമ്മർദം നേരിട്ടത്. ജപ്പാനിൽ പലിശ ഉയർന്നതോടെ വിദേശ നിക്ഷേപ സ്ഥാപനങ്ങൾ വൻതോതിൽ ഇന്ത്യയിൽ നിന്ന് പണം പിൻവലിച്ചു.

അഡ്മിഷൻ തുടരുന്നു...
2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY

# വയനാട് ദുരന്തം: സഹായഹസ്തവുമായി കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ

**കൊച്ചി:** വയനാട് മുണ്ടക്കൈ,ചൂരൽ മല എന്നിവടങ്ങളിലുണ്ടായ ഉരുൾ പൊട്ടലിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് കൈത്താങ്ങായി കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ ജീവകാരുണ്യ പ്രസ്ഥാനമായ കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ. വയനാടിലെ ഉരുൾപൊട്ടലിൽ ഇരയാക്കപ്പെട്ടവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 15 കോടി ചിലവഴിക്കുമെന്ന് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അറിയിച്ചു. ഫൗണ്ടേഷന്റെ നിലവിലെ ഭവനദാന പദ്ധതികളിൽ പങ്കാളികളായിട്ടുള്ള വിവിധ ഏജൻസികളുമായി ചേർന്ന് സർക്കാരിന്റെ പുനരധിവാസ മാനദണ്ഡങ്ങൾക്കനുസൃതമായിട്ടുള്ള നിർമ്മാണ പ്രവർത്തികൾക്കായിരിക്കും തുക ചെലവഴിക്കുകയെന്ന് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു. സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയുമായി ചേർന്ന് പുനരധിവാസ പദ്ധതികളിൽ സഹകരിക്കുന്നതിനും കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ സന്നദ്ധമാണ്. മന്ത്രി പി രാജീവ്, എറണാകുളം ജില്ലാ കലക്ടർ എന്നിവരെ ഇക്കാര്യം അറിയിച്ചു. മറ്റു സംഘടനകളുമായി ചേർന്ന് ഫൗണ്ടേഷൻ നിലവിൽ നടപ്പിലാക്കിവരുന്ന ഭവനദാന പദ്ധതികളിൽ ദുരന്തബാധിത മേഖലകളിൽ നിന്ന് ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് നൽകുന്ന തുകയ്ക്ക് പുറമേയാണ് ഈ സഹായങ്ങളെന്നും കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി അറിയിച്ചു.

# കെഎംഎം കോളജിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കുമ്പളം കെഎംഎം കോളജിൽ ഇന്നും നാളെയും (ആഗസ്റ്റ് 6, 7 തിയ്യതികളിൽ) വിവിധ കോഴ്സുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടക്കും. ബിസിഎ6, ബിബിഎ9, ബികോം9, ബിഎസ് സി സൈക്കോളജി9 എന്നിങ്ങനെ സീറ്റുകളിലാണ് ഒഴിവുള്ളത്. താൽപ്പര്യമുള്ള യോഗ്യരായ വിദ്യാർഥികൾ ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

# കെ എൻ വെങ്കിടേശ് വിഎച്ച്പി ദേശീയ വക്താവ്


കെ എൻ വെങ്കിടേശ്

**കൊച്ചി:** വിശ്വഹിന്ദു പരിഷത്തിന്റെ ദേശീയ വക്താവായി കേരളത്തിൽ നിന്നും കെ എൻ വെങ്കിടേശ് (തിരുവനന്തപുരം) തുടരും. 12 പേര് അടങ്ങുന്ന ദേശീയ വക്താക്കളുടെ പട്ടിക വിഎച്ച് പി പുറത്ത് വിട്ടു.

വിജയ് ശങ്കർ തിവാരി (ഗാസിയാബാദ്), വിനോദ് ബൻസാൽ (ന്യൂഡൽഹി), അശോക് തിവാരി (ഹരിദ്വാർ), ദേവ്ജി റാവത്ത് (അഹമ്മദാബാദ്), ശ്രീരാജ് നായർ (മുംബൈ), ഡോ.രേണു കീർ (ന്യൂഡൽഹി), അംബരീഷ് (ന്യൂഡൽഹി), ശങ്കർ ഗെയ്ക്കർ (മുംബൈ), ശശിധർ ഹൈദരാബാദ്), അമിതോഷ് പരീഖ് (ജെയ്പൂർ), ഡോ. പ്രവേശ് ചൗധരി (ന്യൂഡൽഹി) എന്നിവരാണ് മറ്റുവക്താക്കൾ. രാജസ്ഥാനിലെ ജോഥ്പൂരിൽ നടന്ന വിഎച്ച്പി ദേശീയ ഗേവണിംഗ് കൗൺസിൽ യോഗത്തിലായിരുന്നു വക്താക്കളെ നിശ്ചയിച്ചത്. മാധ്യമങ്ങളിലെ ചർച്ചകളിലടക്കം വിഎച്ച്പി വക്താക്കളായി ഇവരായിരിക്കും പങ്കെടുക്കുകയെന്ന് വിഎച്ച്പി ദേശീയ വക്താവ് വിനോദ് ബൻസാൽ വാർത്താ കുറിപ്പിൽ അറിയിച്ചു.

# ഹീറോ ഫിൻകോർപ്പ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഹീറോ ഫിൻകോർപ്പ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു. 10 രൂപ വീതം മുഖവിലയുള്ള ഓഹരികളുടെ ഐപിഒയിലൂടെ 3668.13 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്. 2100 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെ 1568.13 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, എച്ച്എസ്ബിസി സെക്യൂരിറ്റീസ് ആൻഡ് ക്യാപിറ്റൽ മാർക്കറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.




# വെൻ ബിസ്കോൺ 2024 ഒമ്പതിന് കൊച്ചിയിൽ

**കൊച്ചി:** ബിസിനസ് രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവർ ഉൾപ്പെടെ ബിസിനസ് രംഗത്തുള്ളവർക്ക് കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ ബിസിനസ് ഓർഗാനൈസേഷൻ ആയ വിമൻസ് എൻട്രപ്രണേഴ്സ് നെറ്റ്‌വർക്ക് ഫൌണ്ടേഷൻ വെൻ ബിസ്കോൺ 2024സംഘടിപ്പിക്കുന്നു. ഓഗസ്റ്റ് ഒൻപതിന് കൊച്ചി ഗ്രാന്റ് ഹയാത്ത് ഹോട്ടലിലാണ് വെൻ ബിസ്കോൺ 2024 അരങ്ങേറുന്നത്. വിമൻ എൻട്രപ്രണേഴ്സ് നെറ്റ്‌വർക്ക് ഫൗണ്ടേഷന്റെ (വെൻ) ആഭിമുഖ്യത്തിൽ നടക്കുന്ന സമ്മിറ്റിൽ വിവിധ ബിസിനസ് മേഖലകളിൽ നിന്നായി എഴുന്നൂറോളം പ്രതിനിധികൾ പങ്കെടുക്കും. പ്രചോദിപ്പിക്കുക, പുതുമയുള്ള ആശയങ്ങൾക്ക് രൂപം നൽകുക, വികസിപ്പിക്കുക എന്ന പ്രമേയത്തിലൂന്നിയാണ് വെൻ ബിസ്കോൺ 2024 ഒരുങ്ങുന്നത്.

മാക്സ് ഫൗണ്ടേഷൻ സൗത്ത് ഏഷ്യ റീജണൽ ഹെഡും നടിയുമായ വിജി വെങ്കടേഷ് മുഖ്യാതിഥിയാകും. കോ ഫൗണ്ടറും ഇൻഫ്ളുവൻസറുമായ പേളി മാണി ആമുഖ പ്രസംഗം നടത്തും. പോസിറ്റീവ് റെവല്യൂഷൻ കോഫൗണ്ടറും ബിസിനസ് സ്ട്രാറ്റജിസ്റ്റും എഴുത്തുകാരനുമായ പോൾ റോബിൻസൺ മുഖ്യ പ്രഭാഷണം നടത്തും.

നാച്യുറൽ സലോൺ ആന്റ് സ്പാ സി എം ഡിയും കോ ഫൗണ്ടറുമായ സി കെ കുമാരവേൽ, മേക്കപ്പ് ആർട്ടിസ്റ്റും ഹെയർ സ്റ്റൈലിസ്റ്റും അംബിക പിള്ള ബ്രാന്റ് സ്ഥാപകയുമായ അംബികപിള്ള, അർത്ഥ ഫിനാൻഷ്യൽ സർവീസസ് സ്ഥാപക ഉത്തര രാമകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും.

സി എം എ പുഷ്പി മുരിക്കൻ (പി ബഹി മുരിക്കൻ ആന്റ് അസോസിയേറ്റ്സ്), ലക്ഷ്മി എൻ മേനോൻ (പ്യുവർ ലിവിങ്), നികിത ശങ്കർ (ഷോപ്പർ), നൗറീൻ ഐഷ (ഫെമിസേഫ്), സ്വാതി സുബ്രഹ്മണ്യൻ (ഇഴ കൺസർവേഷൻ ആർക്കിടെക്റ്റ്സ്), അപർണ ബാലമുരളി (ഹിപ്സിവ) തുടങ്ങിയവർ സ്റ്റാർട്ടപ്പുകളെ കുറിച്ച് സംസാരിക്കും.

വനിതാ സംരംഭകരുടെ ശാക്തീകരണം ലക്ഷ്യമാക്കി ആരംഭിച്ച വെൻ (വിമെൻ എൻട്രപ്രണേഴ്സ് നെറ്റ്‌വർക്ക് ഫൗണ്ടേഷൻ) ആയിരത്തിൽപ്പരം അംഗങ്ങളുള്ള റജിസ്ട്രേഡ് സൊസൈറ്റിയാണ്. കൊച്ചി, തൃശൂർ, കോഴിക്കോട്, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വെൻ പുതിയ സംരംഭങ്ങൾ മുതൽ മുൻ കൂട്ടി സ്ഥാപിതമായ സംരംഭങ്ങൾക്കു വരെ ആവശ്യമായ ആശയങ്ങളും പരിശീലനവും മേൽനോട്ടവും നൽകി വനിതാ സംരംഭകരെ വിജയത്തിലേക്ക് കൈപിടിച്ചുയർത്തുകയാണ് വെന്നിന്റെ ലക്ഷ്യം.

സംരംഭക രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്നവരേയും സംരംഭ രംഗത്ത് തുടരുന്നവരേയും ഒരു കുടക്കീഴിൽ എത്തിക്കുകയാണ് വെൻ ബിസ്കോൺ 2024. നൂതന സംരംഭ കവിദ്യകൾ പഠിക്കുന്നതിനും സംരംഭകർ തമ്മിലുള്ള പരസ്പര സഹായത്തിനുമെല്ലാം വെൻ ബിസ്കോൺ വഴിയൊരുക്കുന്നു. വിവിധ സംരംഭകരുടെ സ്റ്റാളുകൾ, വിനോദ പരിപാടികൾ തുടങ്ങിയവയും സമ്മിറ്റിന്റെ ഭാഗമായിരിക്കും. മിലൻ ഡിസൈനിന്റെ ഡിസൈനർ കുട്ടൂർ ഷോയോടെ പരിപാടികൾ അവസാനിക്കും. വെൻ ബിസ്കോൺ 2024മായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കും റജിസ്ട്രേഷനും https://www.wenindia.org/wenbizcon/ സന്ദർശിക്കു

# സമഗ്ര ആരോഗ്യ ഇൻഷൂറൻസുമായി ടാറ്റാ എഐജി

**കൊച്ചി:** ടാറ്റാ എഐജിമഴക്കാല അനുബന്ധ രോഗങ്ങൾക്ക് എതിരെ പരിരക്ഷ നൽകുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് അവതരിപ്പിച്ചു. ഡെങ്കു, മലേറിയ, വൈറൽ പനികൾ തുടങ്ങിയ മഴക്കാല രോഗങ്ങൾ കൈകാര്യം ചെയ്യുന്നതിലെ വെല്ലുവിളികളും ചെലവും കണക്കിലെടുക്കുമ്പോൾ മികച്ച ആരോഗ്യ ഇൻഷൂറൻസ് ഉണ്ടാകേണ്ടതും കൃത്യമായ വൈദ്യ സഹായം ഉറപ്പാക്കേണ്ടതും അനിവാര്യമാണ്. ഈ ആവശ്യങ്ങളും അതിലേറേയും നിറവേറ്റുന്ന വിധത്തിലാണ് ടാറ്റാ എഐജിയുടെ സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പോളിസികൾ രൂപകൽപന ചെയ്തിരിക്കുന്നതെന്ന് ടാറ്റാ എഐജി ജനറൽ ഇൻഷൂറൻസ് ആരോഗ്യ ഉത്പന്നങ്ങളുടേയും പ്രക്രിയകളുടേയും വിഭാഗം സീനിയർ വൈസ് പ്രസിഡൻറായ ഡോ. സന്തോഷ് പുരി പറഞ്ഞു.രോഗം, അസുഖങ്ങൾ തുടങ്ങിയവ മൂലം പോളിസി കാലാവധിയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കേണ്ടി വന്നാൽ ഉപപരിധികൾ ഇല്ലാതെ ഇൻഷ്വർ ചെയ്ത തുക വരെ ഉള്ള ആശുപത്രി ചെലവുകൾക്ക് പരിരക്ഷയുണ്ടാകും. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുമ്പോൾ ആശുപത്രി ചെലവുകൾ മാത്രമല്ല പ്രത്യേകമായ മെഡിക്കൽ കൺസ്യമബിൾസിനുള്ള ചെലവുകൾ കൂടി പരിധിയിൽ ഉണ്ടാകും. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നതിനു മുൻപും അതിനു ശേഷവും ഉള്ള നിർദിഷ്ട ദിവസങ്ങൾക്കുള്ളിൽ കൺസൾട്ടേഷൻ, മരുന്നുകൾ, പരിശോധനകൾ തുടങ്ങിയവയ്ക്കായി വരുന്ന ചെലവുകൾക്കും പരിരക്ഷ ലഭിക്കും.പോളിസി വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ഓരോ വർഷവും 20,000 രൂപ വരെ ഔട്ട് പേഷ്യൻറ് കൺസൾട്ടേഷനും മരുന്നുകൾക്കുമായി ലഭിക്കും. 12 വയസോ അതിൽ താഴെയോ ഉള്ള കുട്ടിയാണ് ആശുപത്രിയിലാക്കുന്ന ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തി എങ്കിൽ അനുഗമിക്കുന്ന പ്രായപൂർത്തിയായ വ്യക്തിക്ക് പ്രതിദിനം പരമാവധി 2000 രൂപ വരെയുള്ള നിശ്ചിത തുക നൽകും.ഇൻഷ്വർ ചെയ്യപ്പെട്ട വ്യക്തിക്ക് അടിയന്തര വേളയിൽ ആംബുലൻസ് സേവനം വേണ്ടിവന്നാൽ അതിൻറെ ചെലവുകളും പരിരക്ഷയ്ക്കു കീഴിൽ വരും.

പൊതുവായ ഡോക്ടർമാർ, സ്പെഷാലിറ്റി ഡോക്ടർമാർ, ഡയറ്റ് കൺസൾട്ടൻറുമാർ തുടങ്ങിയവരിൽ നിന്നുള്ള പരിധിയില്ലാത്ത ടെലി കൺസൾട്ടേഷൻ പോലുള്ള മൂല്യ വർധിത സേവനങ്ങളും ഇൻഷൂർ ചെയ്യപ്പെട്ട വ്യക്തിയുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ലഭിക്കും. കൂടാതെ ഇന്ത്യയിലെ 650ൽ പരം ആശുപത്രികളുടെ ശൃംഖലയിലൂടെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതു മുതൽ ഡിസ്ചാർജ് ചെയ്യുന്നതു വരെയുള്ള സമ്പൂർണ കാഷ്ലെസ് സൗകര്യവും ലഭിക്കുമെന്നും ഡോ. സന്തോഷ് പുരി പറഞ്ഞു.

കാഷ്ലെസ് ആയ ആശുപത്രി പ്രവേശനം, കൺസ്യമബിൾസ് പരിരക്ഷ, ഒപിഡി ചികിൽസയ്ക്കുള്ള പരിരക്ഷ, പ്ലാൻഡ് ആശുപത്രി പ്രവേശനത്തിനായുള്ള ഗ്ലോബൽ പരിരക്ഷ തുടങ്ങിയവ ഉൾപ്പെട്ട സമഗ്രമായ പരിരക്ഷ തങ്ങളുടെ പോളിസികൾ ലഭ്യമാക്കുന്നതായും അദ്ദേഹം പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സംസ്ഥാന സർക്കാരിന്റെ പുതിയ വാണിജ്യ നയം ഈ വർഷം : മന്ത്രി പി. രാജീവ്

**കൊച്ചി:** കേരളത്തിൻറെ വ്യവസായ, വാണിജ്യ മേഖലയ്ക്ക് പുത്തൻ ഉണർവേകി സംസ്ഥാന സർക്കാരിൻറെ പുതിയ വാണിജ്യ നയം ഈ വർഷം കൊണ്ടുവരുമെന്ന് വ്യവസായനിയമകയർ വകുപ്പ് മന്ത്രി പി. രാജീവ്. കേരളത്തിൻറെ പുതിയ കരട് വാണിജ്യനയം ചർച്ച ചെയ്യുന്നതിനായി ബഹുരാഷ്ട്ര കമ്പനികളുടെയും വാണിജ്യ സംഘടനകളുടെയും പ്രതിനിധികളുമായി നടത്തിയ ചർച്ചയിലാണ് മന്ത്രി ഇത് വ്യക്തമാക്കിയത്.

ചർച്ചയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദേശങ്ങളും പൊതുമണ്ഡലത്തിൽ പ്രസിദ്ധപ്പെടുത്തി അഭിപ്രായങ്ങൾ പരിഗണിച്ച് കരട് വാണിജ്യ നയം രൂപീകരിക്കുമെന്ന് മന്ത്രി പറഞ്ഞു. ഈ നടപടിക്രമങ്ങൾ ഈ വർഷം തന്നെ പൂർത്തിയാക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.കഴിഞ്ഞ വർഷം സംസ്ഥാന സർക്കാരിൻറെ പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിരുന്നു. ഈ മാതൃകയിലാണ് ഈ വർഷം വാണിജ്യ നയം പുറത്തിറക്കുക. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യങ്ങൾക്ക് അനുസൃതമായി കേരളത്തിൻറെ വാണിജ്യ സാധ്യതകൾക്ക് ഉത്തേജനം നൽകുകയെന്നുള്ളതാണ് പുതിയ കരട് നയത്തിൻറെ അടിസ്ഥാന ലക്ഷ്യം.

പുതിയ നയം അന്തിമമാകുന്നതിന് മുമ്പ് ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികൾ, അഭ്യുദയകാംക്ഷികൾ, വാണിജ്യ സംഘടന പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്ത്, അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായാണ് മന്ത്രിയുടെ സാന്നിധ്യത്തിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് യോഗം സംഘടിപ്പിച്ചത്. ബഹുരാഷ്ട്ര കമ്പനി പ്രതിനിധികൾക്കും വാണിജ്യ സംഘടന പ്രതിനിധികൾക്കുമായി രാവിലെയും ഉച്ചക്കുശേഷവും രണ്ടു ഘട്ടങ്ങളിലായിട്ടായിരുന്നു യോഗം. കരട് വാണിജ്യനയം രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു.

വ്യവസായ നയം 2023 തയ്യാറാക്കുന്ന വേളയിൽ സംസ്ഥാനത്തെ വ്യവസായികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യവസായ നയരൂപീകരണത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വ്യവസായ മേഖലയിൽ നിന്ന് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ചിരുന്നു.

അതേ മാതൃക തന്നെയാണ് വാണിജ്യ നയരൂപീകരണത്തിലും പിന്തുടരുന്നത്. കേരളത്തിൻറെ വ്യവസായ വാണിജ്യ മേഖലയെ കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി ഇത്തരം നിർദ്ദേശങ്ങളും യോഗതീരുമാനങ്ങളും തീർച്ചയായും വഴിയൊരുക്കും.

യോഗത്തിൽ വ്യവസായവാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് അധ്യക്ഷനായിരുന്നു. ഐ ആൻഡ് പിആർഡി സെക്രട്ടറിയും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറുമായ എസ്. ഹരികിഷോർ വിഷയാവതരണം നടത്തി. വ്യവസായ വാണിജ്യ അഡീഷണൽ ഡയറക്ടർ ഡോ. കൃപകുമാർ, കിൻഫ്ര എംഡി സന്തോഷ് കോശി തോമസ്, കെബിപ്പ് സിഇഒ സൂരജ് എസ് എന്നിവർ സംസാരിച്ചു.

ബഹുരാഷ്ട്ര കമ്പനികൾ, ഇൻഡസ്ട്രി അസോസിയേഷനുകൾ, കൊമേഴ്സ് അസോസിയേഷനുകൾ, കമ്മോഡിറ്റി ബോർഡുകൾ, ചേംബേഴ്സ് ഓഫ് കൊമേഴ്സ് എന്നീ സംഘടനകളുടെ പ്രതിനിധികൾ, യോഗത്തിൽ പങ്കെടുത്തു.

# ഓഫറുകളുമായി സാംസങ്ങ് ഫോണുകളും വാച്ചുകളും

**കൊച്ചി**: സാംസങ്ങിന്റെ ആറാം തലമുറ ഫോൾഡബിൾ സ്മാർട്ട്ഫോണുകളും എക്കോസിസ്റ്റം പ്രൊഡക്ടുകളായ ഗാലക്സി സെഡ് ഫോൾഡ്6, ഗാലക്സി സെഡ് ഫ്ളിപ്പ്6, ഗാലക്സി വാച്ച് അൾട്ര, വാച്ച്7, ബഡ്സ്3 എന്നിവ റീട്ടയിൽ ഔട്ട്ലറ്റുകളിൽ വിപണിയിലെത്തി. സാംസങ്ങ്.കോം, ആമസോൺ. ഇൻ, ഫ്ളിപ്പ്കാർട്ട് എന്നിവയിൽ ഉപഭോക്താക്കൾക്ക് ഉപകരണങ്ങൾ വാങ്ങാം.ഗാലക്സി സെഡ് ഫ്ളിപ്പ്6 ഐ.എൻആർ 109999 രൂപ മുതലാണ് ആരംഭിക്കുന്നത്. ഇത് നീല, പുതിനയുടെ നിറം, സിൽവർ ഷാഡോ എന്നീ ആകർഷകമായ നിറങ്ങളിൽ ലഭ്യമാണ്. ഉപഭോക്താക്കൾക്ക് 24 മാസം വരെ നോ കോസ്റ്റ് ഇ.എം. ഐയോടെ വെറും 4250 രൂപയ്ക്ക് ഗാലക്സി സെഡ് ഫ്ളിപ്പ്6 സ്വന്തമാക്കാം. ഗാലക്സി സെഡ് ഫോൾഡ്6 164999 രൂപ മുതലാണ് ആരംഭിക്കുന്നത്. സിൽവർ ഷാഡോ, നേവി, പിങ്ക് എന്നീ മൂന്ന് നിറങ്ങളിൽ




ഇത് ലഭ്യമാണ്. ഉപഭോക്താക്കൾക്ക് ഗാലക്സി സെഡ് ഫോൾഡ്6 വെറും 6542 രൂപയ്ക്ക് 24 മാസം വരെ നോ കോസ്റ്റ് ഇ.എം.ഐ വഴി സ്വന്തമാക്കാം. കൂടാതെ ഗാലക്സി വേരിയബിളുകളായ ഗാലക്സി വാച്ച് അൾട്ര, ഗാലക്സി വാച്ച്7, ഗാലക്സി ബഡ്സ്3 എന്നിവ വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് 18000 രൂപ വരെ മൾട്ടിബൈ ആനുകൂല്യങ്ങളും ലഭിക്കുമെന്ന് കമ്പനി അധികതർ അറിയിച്ചു.ഗാലക്സി സെഡ് ഫോൾഡ്6, ഗാലക്സി സെഡ് ഫ്ളിപ്പ്6 എന്നിവ വാങ്ങുന്ന ഉപഭോക്താക്കൾക്ക് ഗാലക്സി സെഡ് അഷ്വറൻസ് ലഭിക്കും. അതിൽ ഇൻഡസ്ട്രിയിലെ ആദ്യത്തെ രണ്ട് സ്ക്രീൻ/പാർട്ട്സ് റീപ്ലെസ്മെന്റുകൾ 2999 രൂപയ്ക്ക് ലഭിക്കും.ഗാലക്സി വാച്ച് അൾട്രായുടെ വില 59999 രൂപയും ഗ്യാലക്സി വാച്ച്7 40 എംഎം വേരിയന്റിന് 29999 രൂപയുമാണ്. ഉപഭോക്താക്കൾക്ക് 24 മാസം വരെ നോ കോസ്റ്റ് ഇ.എം.ഐ ലഭിക്കും. ഗാലക്സി ബഡ്സ്3യുടെ വില 14999 രൂപയാണെന്നും കമ്പനി അധികൃതർ അറിയിച്ചു.



# ഫെഡറൽ ബാങ്ക് സ്കിൽ അക്കാദമി ഗുവഹാട്ടിയിൽ

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ എട്ടാമത് സ്കിൽ അകാദമി ഗുവഹാട്ടിയിലെ ഖാർഘുലി ജെയ്പൂരിലുള്ള ഡോൺ ബോസ്കോ ഇൻസ്റ്റിട്യൂട്ടിൽ പ്രവർത്തനമാരംഭിച്ചു. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യുവജനങ്ങൾക്ക് നൈപുണ്യപരിശീലനം നൽകാനും തൊഴിലവസരം ലഭ്യമാക്കാനും ഉദ്ദേശിച്ച് ബാങ്കിന്റെ കോർപറേറ്റ് സാമൂഹ്യ പ്രതിബദ്ധതാ (സിഎസ്ആർ) പദ്ധതിയുടെ ഭാഗമായി തുടക്കമിട്ട സംരംഭമാണ് ഫെഡറൽ സ്കിൽ അക്കാദമി.

ഫെഡറൽ ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ ശ്യാം ശ്രീനിവാസൻ അക്കാദമിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഫെഡറൽ ബാങ്ക് ഗ്രൂപ് പ്രസിഡന്റും സിഎഫ്ഒയുമായ വെങ്കടരാമൻ വെങ്കടേശ്വരൻ അധ്യക്ഷത വഹിച്ചു. ഗുവഹാട്ടി ആർച്ച് ബിഷപ് ജോൺ മൂലച്ചിറ ആശീർവാദം നടത്തി. ഡോൺ ബോസ്കോ ഇൻസ്റ്റിട്യൂട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ക്ലീറ്റസ് സെബാസ്റ്റിയൻ, ഫെഡറൽ ബാങ്ക് സോണൽ മേധാവിയും സീനിയർ വൈസ് പ്രസിഡന്റുമായ സാബു ആർ എസ്, സിഎസ്ആർ മേധാവിയും വൈസ് പ്രസിഡന്റുമായ ഷാജി കെ വി, റീജണൽ മേധാവിയും അസിസ്റ്റന്റ് വൈസ് പ്രസിഡന്റുമായ നോയൽ ബേബി തുടങ്ങിയവർ സംബന്ധിച്ചു.

# സിഫ്റ്റിൽ പരിശീലന പരിപാടിക്ക് തുടക്കം

**കൊച്ചി:** കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്റ്റിലെ ക്വാളിറ്റി അഷുറൻസ് ആൻഡ് മാനേജ്മന്റ് വിഭാഗം 'എച്ച്. എ. സി. സി. പി ആശയങ്ങൾ ' എന്ന വിഷയത്തിൽ പരിശീലന പരിപാടിക്ക് ആരംഭം കുറിച്ചു. കേന്ദ്രസർക്കാരിന്റെ പട്ടികജാതി വിഭാഗങ്ങൾക്കായുള്ള പദ്ധതിക്ക് കീഴിൽ നടക്കുന്ന ഈ പരിശീലന പരിപാടി ആഗസ്റ്റ് ഒമ്പതിനു അവസാനിക്കും. കേരളം, ഗുജറാത്ത്, ആന്ധ്രാപ്രദേശ്, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുള്ള 27 വിദ്യാർഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്. മത്സ്യം, മത്സ്യ ഉൽപന്നങ്ങൾ എന്നിവയിലെ ആരോഗ്യത്തിന് ഹാനികരമായ ഭൗതികവും രാസപരവും ജൈവപരവുമായ ഘടകങ്ങൾ, എച്ച്. എ. സി . സി. പി പ്ലാനുകൾ തയ്യാറാക്കൽ, എച്ച്. എ. സി. സി. പി വർക്ക്ഷീറ്റുകളുടെ ഫലപ്രദമായ ഉപയോഗം തുടങ്ങിയ വിഷയങ്ങൾ പരിശീലനത്തിൽ ഉൾക്കൊള്ളുന്നു. എച്ച് എ സി സി പി ആശയങ്ങളെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനും മത്സ്യമൽസ്യസംസ്കരണ മേഖലയിലെ ഗുണനിലവാര നിയന്ത്രണ നടപടികൾ മെച്ചപ്പെടുത്തുന്നതിനും ഈ പരിശീലന പരിപാടി ലക്ഷ്യമിടുന്നു.



സൊസൈറ്റി ടുഡേ
SOCIETY TODAY

## കേരള പത്രപ്രവർത്തക യൂണിയൻ: കെ പി റെജി പ്രസിഡന്റ്; സുരേഷ് എടപ്പാൾ ജനറൽ സെക്രട്ടറി



കെ പി റെജി, സുരേഷ് എടപ്പാൾ

**തൃശൂർ:** കേരള പത്രപ്രവർത്തക യൂണിയൻ(കെ.യു.ഡബ്ല്യു.ജെ) സംസ്ഥാന പ്രസിഡന്റായി കെ പി റെജി (മാധ്യമം) ജനറൽ സെക്രട്ടറിയായി സുരേഷ് എടപ്പാൾ (ജനയുഗം) എന്നിവരെ തിരഞ്ഞെടുത്തു. വാശിയേറിയ പോരാട്ടത്തിൽ സാനു ജോർജ്ജിനെ (മലയാള മനോരമ) 117 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് കെ പി റെജി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ ജനറൽ സെക്രട്ടറിയായിരുന്ന കിരൺ ബാബുവിനെ(ന്യൂസ് 18 കേരളം) 30 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് സുരേഷ് എടപ്പാൾ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടത്.ജൂലൈ 29 നായിരുന്നു വോട്ടെടുപ്പ് നടന്നത്. ഇന്നലെ (ആഗസ്റ്റ് 04) ന് തൃശൂരിലായിരുന്നു വോട്ടെണ്ണൽ നടന്നത്.

## പാരസ് ഹെൽത്ത് കെയർ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഉത്തരേന്ത്യയിലും ബിഹാറിലും ജാർഖണ്ഡിലും കിടക്കകളുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ അഞ്ചാമത്തെ ഏറ്റവും വലിയ ആരോഗ്യ പരിക്ഷാ സേവന ദാതാതാക്കളായ പാരസ് ഹെൽത്ത് കെയർ ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.400 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെയും നിലവിലുള്ള നിക്ഷേപകരുടെയും 14,974,010 ഇക്വിറ്റി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.



## വയനാട് ദുരന്തം: രാംരാജ് കോട്ടൺ 25 ലക്ഷം രൂപ നൽകി

**കൊച്ചി:** വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല, മേപ്പാടി മേഖലകളിൽ ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരെ സഹായിക്കാൻ രാംരാജ് കോട്ടൺ ചെയർമാൻ കെ ആർ നാഗരാജൻ, ദുരിതാശ്വാസ നിധിയിലേക്ക് 25 ലക്ഷം രൂപയുടെ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി. കൂടാതെ കമ്പനി ബ്രാൻഡ് അംബാസഡർ നടൻ ജയറാം അഞ്ചു ലക്ഷം രൂപയും സംഭാവന ചെയ്തു.ധനസഹായത്തിന് പുറമേ, 25 ലക്ഷം രൂപ വിലമതിക്കുന്ന ധോത്തികളും ഷർട്ടുകളും റാംരാജ് കോട്ടൺ ബ്രാൻഡ് അംബാസഡർ ജയറാമിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യും. ദുരിതബാധിത പ്രദേശങ്ങൾ ജയറാം നേരിട്ട് സന്ദർശിക്കുകയും അടുത്തിടെയുണ്ടായ ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ച പ്രാദേശിക കുടുംബങ്ങൾക്ക് ധോതികൾ വിതരണം ചെയ്യുകയും ചെയ്യും. ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് ഉടനടി ആശ്വാസം നൽകാനുള്ള കമ്പനിയുടെ ശ്രമത്തിന്റെ ഭാഗമാണ് ഈ സംരംഭം.

## ആമസോൺ ഫ്രെഷ് സൂപ്പർ വാല്യു ഡേയ്സ്

**കൊച്ചി:** മികച്ച ഓഫറുകളുമായി ആമസോൺ ഫ്രെഷിൻറെ സൂപ്പർ വാല്യു ഡേയ്സ് ആരംഭിച്ചു. ഓഗസ്റ്റ് 7 വരെ പഴങ്ങൾ, പച്ചക്കറികൾ, ദൈനംദിന അവശ്യവസ്തുക്കൾ, പാക്കേജുചെയ്ത ഭക്ഷണങ്ങൾ, ലഘുഭക്ഷണങ്ങൾ, പാനീയങ്ങൾ, സ്റ്റേപ്പിൾസ് എന്നിവയ്ക്ക് 45% വരെ കിഴിവ് ലഭിക്കും. പുതിയ ഉപഭോക്താക്കൾക്ക് അവരുടെ ആദ്യ നാല് ഓർഡറുകൾക്ക് 400 രൂപ ക്യാഷ്ബാക്ക്, പ്രൈം ഉപഭോക്താക്കൾക്ക് 200 രൂപ വരെ ക്യാഷ്ബാക്കിൽ എന്നിവയുണ്ട്.പ്രത്യേകമായി ക്യൂറേറ്റ് ചെയ്ത രാഖി സ്റ്റോർ, മഴക്കാല അവശ്യസാധനങ്ങളുടെ വിപുലമായ ശ്രേണിയുമായി മൺസൂൺ സ്റ്റോർ എന്നിവയും ഇതിനൊപ്പം ലഭ്യമാണ്.



# ഇഞ്ചിപ്പുൽ കൃഷിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ കെവികെ

**കൊച്ചി:** ഇഞ്ചിപ്പുൽ കൃഷിയുടെയും പുൽത്തൈല വാറ്റിന്റെയും പ്രതാപ പെരുമ വീണ്ടെടുക്കാൻ പദ്ധതിയുമായി സിഎംഎഫ്ആർഐകൃഷി വിജ്ഞാന കേന്ദ്രം (കെവികെ). ഇഞ്ചിപ്പുൽകൃഷി അന്യം നിന്നുപോകാനുള്ള പ്രധാന കാരണങ്ങളിലൊന്നായ തൊഴിലാളി ക്ഷാമത്തിന് പരിഹാരമായി പുല്ലരിയാനുള്ള യന്ത്രത്തിന്റെ പരീക്ഷണം വിജയകരമായി.

കേരള കാർഷിക സർവകലാശാല, കാംകോ എന്നിവയുമായി സഹകരിച്ചാണ് പരീക്ഷണം നടന്നത്. കാർഷിക സർവകലാശാലയുടെ ഓടക്കാലി സുഗന്ധ തൈലഔഷധ സസ്യ ഗവേഷണ കേന്ദ്രത്തിന്റെ ഫാമിൽ വിവിധ യന്ത്രങ്ങളുപയോഗിച്ച് നടത്തിയ പരീക്ഷണങ്ങളിൽ കാംകോയുടെ കെആർ120എച്ച് മോഡൽ കൊയ്ത്ത് യന്ത്രം ഇതിന് അനുയോജ്യമാണെന്ന് കണ്ടെത്തി. ഇതുപയോഗിച്ച് മണിക്കൂറിൽ ഒരേക്കർ ഏക്കർ ഇഞ്ചിപ്പുല്ലരിയാനാകും. ഡോ ആൻസി ജോസഫ്, ഡോ ജോബി ബാസ്റ്റിൻ, ഡോ എം.വി പ്രിൻസ്, ഡോ .ഷിനോജ് സുബ്രമണ്യൻ, ഡോ. ഡി. ധലിൻ, ജെസ്സികുമാർ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരീക്ഷണം.

അടുത്തപടിയായി, കാർഷിക സർവകലാശാലയുടെ സുഗന്ധി, ലക്നൗ ആസ്ഥാനമായി സിഎസ്ഐആർനു കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ഔഷധസുഗന്ധ സസ്യ ഗവേഷണ കേന്ദ്രത്തിന്റെ കൃഷ്ണ എന്നീ ഇഞ്ചിപ്പുൽ ഇനങ്ങൾ കർഷകരുടെ കൃഷിയിടങ്ങളിൽ പ്രദർശിപ്പിക്കുവാനുള്ള ഒരുക്കത്തിലാണ് കൃഷി വിജ്ഞാന കേന്ദ്രം.

ഇതിന് പുറമെ, സിഎസ്ഐആർ രാജ്യവ്യാപകമായി നടപ്പിലാക്കുന്ന അരോമ പദ്ധതിയിൽ ഉൾപ്പെടുത്തി, തൈലം വാറ്റിയെടുക്കുന്ന ഒരു യൂണിറ്റ് കൂടി സ്ഥാപിക്കുന്നതിനും കെവികെക്ക് പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി, ഇഞ്ചിപ്പുൽ തൈലത്തിൽ നിന്നും വിവിധ മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ച് ബ്രാൻഡിംഗ് നടത്തി വിപണിയിലെത്തിക്കും. കർഷകർക്ക് വരുമാനം ഉറപ്പുവരുത്തി കൃഷി സുസ്ഥിരമാക്കുകയാണ് കെവികെ ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഒരുകാലത്ത് എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളിൽ വ്യാപകമായിരുന്ന ഇഞ്ചിപ്പുൽ കൃഷിയുടെയും പുൽത്തൈലം വാറ്റിന്റേയും പെരുമ്പാവൂർ കേന്ദ്രീകരിച്ച് നടത്തിയിരുന്ന തൈല വ്യാപാരത്തിന്റെയും നഷ്ടപ്രതാപം വീണ്ടെടുക്കാൻ ഈ പദ്ധതിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കെവികെ മേധാവി ഡോ ഷിനോജ് സുബ്രമണ്യൻ പറഞ്ഞു.

പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ള എറണാകുളം ജില്ലയിലെ കർഷകർ, കർഷക കൂട്ടായ്മകൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവർ കെവികെയുമായി ബന്ധപ്പെടാം. ഫോൺ 8590941255. സൂര്യപ്രകാശം ലഭിക്കുന്നതും വെള്ളക്കെട്ടില്ലാത്തതുമായ സ്ഥലങ്ങൾ ഇഞ്ചിപ്പുൽ കൃഷിയ്ക്ക് അനുയോജ്യമാണ്. തൈകൾ നട്ട് മൂന്നുമാസം കൊണ്ട് ആദ്യവിളവെടുപ്പും തുടർന്ന് ഓരോ രണ്ട് മാസങ്ങൾ കൂടുമ്പോൾ തുടർ വിളവെടുപ്പുകളും നടത്താവുന്ന വിളയാണ് ഇഞ്ചിപ്പുല്ല്.

## സുഡിയോ കൊച്ചിയിൽ എട്ടാമത്തെ ഷോറൂം തുറന്നു

**കൊച്ചി:** ടാറ്റാ ഗ്രൂപ്പിന്റെ റീട്ടെയിൽ ഫാഷൻ സ്ഥാപനമായ സുഡിയോയുടെ കൊച്ചി നഗരത്തിലെ എട്ടാമത്തെ ഷോറൂം അങ്കമാലിയിൽ പ്രവർത്തനമാരംഭിച്ചു. അങ്കമാലിയിലെ ലില്ലി സ്ക്വയറിൽ തുറന്ന സുഡിയോ ഷോറൂമിൽ കുറഞ്ഞ ബജറ്റിൽ മികച്ച ബ്രാൻഡുകളുടെ ഗുണമേൻമയുള്ള ഉൽപന്നങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നത്.

പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി അതിവേഗം മാറുന്ന ഫാഷനനുസരിച്ച് വ്യത്യസ്തവും വൈവിധ്യമാർന്നതുമായ വസ്ത്രങ്ങൾ, പാദരക്ഷകൾ, കാഷ്വൽ വെയർ, ലൗഞ്ച് വെയർ, പാർട്ടി വെയർ എന്നിവയും സുഡിയോയിൽ ലഭ്യമാണ്. കുട്ടികൾക്ക് 149 രൂപ മുതൽ തുടങ്ങുന്നതും മുതിർന്നവർക്ക് 199 രൂപ മുതൽ വിലയുള്ളതുമായ ഉടുപ്പുകളും ചെരുപ്പുകളും സുഡിയോയിലുണ്ട്. അങ്കമാലിക്ക് പുറമെ ഇടപ്പള്ളി, ചിറ്റേത്തുകര, കാക്കനാട്, എറണാകുളം, ജവഹർ നഗർ, തോപ്പുംപടി, വൈപ്പിൻ എന്നിവിടങ്ങളിലാണ് ഇപ്പോൾ സുഡിയോ ഷോറൂമുകളുള്ളത്. അവിശ്വസനീയമായ വിലക്കുറവിൽ മികച്ച നിലവാരമുള്ള ഉൽപ്പന്നങ്ങളുമായി കൊച്ചിയുടെ ഫാഷൻ ഭൂപടം മാറ്റി വരയ്ക്കുകയാണ് സുഡിയോ.2019 മാർച്ച് 31 നാണ് കൊച്ചിയിലെ ആദ്യ ഷോറൂം ഇടപ്പള്ളിയിൽ തുറന്നത്. അന്നുമുതലിങ്ങോട്ട് ടാറ്റാ ഗ്രൂപ്പിന്റെ ഈ ബജറ്റ് ഫാഷൻ കേന്ദ്രം ജനങ്ങളെ ആകർഷിച്ചു വരുന്നു. സ്വന്തമായി ഡിസൈൻ ചെയ്ത, പുതിയ




കാലത്തിന്റെ ഫാഷന് അനുരൂപമായ എക്സ്ക്ലൂസീവ് ഉൽപന്നങ്ങളാണ് സുഡിയോ ഷോറൂമുകളെ വ്യത്യസ്തമാക്കുന്നതെന്ന് ട്രെന്റ് ലിമിറ്റഡ് സിഇഒ യും എക്സിക്യൂട്ടീവ് ഡയറക്ടറുമായ വെങ്കടേശലു പി പറഞ്ഞു. ഉൽപന്നങ്ങളോരോന്നും ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് കാലാനുസൃതമായി നവീകരിക്കാനും കമ്പനി ശ്രദ്ധിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

# ഗർഭാശയത്തിലെ മുഴകൾ അഥവാ ഫൈബ്രോയ്ഡ്; സ്ത്രീകൾ അറിഞ്ഞിരിക്കേണ്ടതെല്ലാം



**ഡോ. ടീന ആനി ജോയ്**
സീനിയർ കൺസൽട്ടന്റ്
ഒബ്സ്റ്റട്രിക്സ് ആൻഡ്
ഗൈനക്കോളജി
ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

ഗർഭാശയത്തിൽ മുഴകളുണ്ടാകുന്ന സ്ത്രീകളുടെ എണ്ണം ഇപ്പോൾ നമ്മുടെ നാട്ടിൽ കൂടിക്കൊണ്ടിരിക്കുകയാണ്. ലോകത്ത് ആഫ്രിക്കൻഅമേരിക്കൻ വംശീയവേരുകളുള്ള സ്ത്രീകളിലാണ് ഗർഭാശയമുഴകൾ കൂടുതലായി കണ്ടുവരാറുള്ളത്. ഇന്ത്യയിൽ 20 മുതൽ 30% വരെ സ്ത്രീകൾ ഈ പ്രശ്നം നേരിടുന്നു. ഈ മുഴകൾ ഏത് പ്രായക്കാരിലും ഉണ്ടാകാമെങ്കിലും 3040 വയസിനിടയിലുള്ളവരിലാണ് കൂടുതൽ സാധ്യത. ഭൂരിഭാഗം കേസുകളിലും ഇവ അർബുദത്തിന്റെ ഭാഗമായി ഉണ്ടാകുന്ന മുഴകളല്ല. എന്നാൽ ശ്രദ്ധിച്ചില്ലെങ്കിൽ അവ അപകടകരമാകാം.

**ഫൈബ്രോയ്ഡ് ഉള്ളതിന്റെ ലക്ഷണങ്ങൾ**

ഒരു സ്ത്രീയുടെ ജീവിതനിലവാരത്തെ കാര്യമായി തന്നെ ബാധിക്കുന്ന ലക്ഷണങ്ങളാണ് ഗർഭാശയത്തിൽ മുഴകളുണ്ടാകുമ്പോൾ സംഭവിക്കുന്നത്. ശക്തമായ ആർത്തവരക്തസ്രാവമാണ് അതിൽ ആദ്യത്തേത്. ആർത്തവങ്ങൾക്കിടയിലും അസാധാരണമായ തോതിൽ രക്തപ്രവാഹം ഉണ്ടാകാം. ആർത്തവകാലത്ത് അസഹനീയമായ വേദനയും ഉളവാക്കും. സാധാരണയെക്കാൾ തീവ്രമായ ഇടുപ്പുവേദനയും കോച്ചിപ്പിടുത്തവും അനുഭവപ്പെടാം.

മുഴകൾ വലുതാണെങ്കിൽ അവ അതിന് ചുറ്റുമുള്ള മറ്റ് അവയവങ്ങളെ സമ്മർദ്ദത്തിലാക്കും. അക്കാരണത്താൽ അടിക്കടി മൂത്രമൊഴിക്കാനുള്ള തോന്നലും മലബന്ധവും ഉണ്ടാകാം. വയറും ഇടുപ്പും എപ്പോഴും വീർത്തിരിക്കുന്നത് പോലെ തോന്നാം. നട്ടെല്ലിന്റെ ഭാഗത്ത് താഴെയായി വേദനയും അനുഭവപ്പെടാം. ചെറുപ്പക്കാരായ സ്ത്രീകളിൽ ഫൈബ്രോയ്ഡ് വന്ധ്യതയ്ക്കും കാരണമാകാറുണ്ട്. ഗർഭംധരിക്കാനും ആരോഗ്യത്തോടെ ഗർഭംമുന്നോട്ട് കൊണ്ടുപോകാനും പ്രയാസം നേരിടാം.

**വന്ധ്യതയും ഗർഭകാലത്തെ വെല്ലുവിളികളും**

23% സ്ത്രീകളിൽ ഫൈബ്രോയ്ഡ് കാരണം ഗർഭം ധരിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. ഗർഭാശയത്തിൽ ഈ മുഴകളുടെ സ്ഥാനം എവിടെയാണെന്നത് വളരെ പ്രധാനമാണ്. അണ്ഡവാഹിനിക്കുഴലിലോ ഗർഭാശയമുഖത്തോ ആണ് മുഴകൾ രൂപംകൊള്ളുന്നതെങ്കിൽ വന്ധ്യതയ്ക്ക് ഇടയാക്കും. ഇത്തരം ഘട്ടങ്ങളിൽ വന്ധ്യതാചികിത്സ തുടങ്ങുന്നതിന് മുൻപ് ഈ മുഴകൾ ശസ്ത്രക്രിയയിലൂടെ നീക്കം ചെയ്യേണ്ടതുണ്ട്. ഗർഭിണികളായ സ്ത്രീകൾക്കും ഈ മുഴകൾ കാര്യമായ വെല്ലുവിളികൾ ഉണ്ടാക്കാറുണ്ട്. ഗർഭം അലസിപ്പോകാനും മാസം തികയാതെ പ്രസവിക്കാനും അതിടയാക്കിയേക്കാം. കുഞ്ഞിന് പുറത്തേക്ക് വരാൻ തടസമുണ്ടാക്കുന്ന മുഴകളുമുണ്ട്. ഗർഭപാത്രത്തിന്റെ അടിയിൽ മറുപിള്ള രൂപംകൊള്ളുന്ന അവസ്ഥയ്ക്കും ഫൈബ്രോയ്ഡ് കാരണമാകാം. അങ്ങനെ വരുമ്പോൾ ഗർഭാശയമുഖം അടയും. പ്രസവത്തിനുമുമ്പേ ഗർഭാശയത്തിൽ നിന്നും മറുപിള്ള വേർപെടുന്ന ഗുരുതര സാഹചര്യത്തിനും മുഴകൾ ഇടയാക്കും. ഇത്തരം ഘട്ടങ്ങളിൽ സിസേറിയൻ അടിയന്തരമായി നടത്തേണ്ടിവരുന്നു. പ്രസവാനന്തരം കടുത്ത രക്തസ്രാവമുണ്ടാകും. അത് അമ്മയിൽ വിളർച്ചയുണ്ടാകുന്നതിനും കാരണമാകും. ഫൈബ്രോയ്ഡ് ഉള്ള അമ്മമാർക്കുണ്ടാകുന്ന കുഞ്ഞുങ്ങൾക്ക് പ്രസവസമയത്ത് ആവശ്യത്തിന് ഭാരമുണ്ടാകാത്ത അവസ്ഥയും കണ്ടുവരുന്നു.

**ഫൈബ്രോയ്ഡ് ഉണ്ടാകുന്നതിന്റെ കാരണങ്ങൾ**

എന്തുകൊണ്ടാണ് ഗർഭാശയത്തിൽ മുഴകൾ രൂപപ്പെടുന്നതെന്ന് കൃത്യമായി കണ്ടെത്താൻ വൈദ്യശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ചില ഘടകങ്ങൾ ഫൈബ്രോയ്ഡ് ഉണ്ടാകാനുള്ള സാധ്യത കൂട്ടുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കുടുംബ പാരമ്പര്യം, അമിതവണ്ണം, ജനിതകമായ മാറ്റങ്ങൾ, ഉയർന്ന രക്തസമ്മർദ്ദം എന്നിവ അതിലുൾപ്പെടുന്നു. ഏറ്റവും പുതിയ ചില പഠനങ്ങളിൽ, ഗർഭകാലത്ത് ചില രാസവസ്തുക്കളുമായി സമ്പർക്കത്തിൽ വരാനിടയായാൽ ഫൈബ്രോയ്ഡ് ഉണ്ടാകാനിടയുണ്ടെന്ന പ്രാഥമികസൂചനയും ഇപ്പോൾ പുറത്തുവരുന്നുണ്ട്. കീടനാശിനികൾ, കളനാശിനികൾ, പ്ലാസ്റ്റിക്കുകൾ, ഓർഗാനോ ഫോസ്ഫേറ്റ് എസ്റ്റർസ് എന്നിവ അതിലുൾപ്പെടുന്നു. ഉയർന്ന രക്തസമ്മർദ്ദമുള്ളവരിൽ ഫൈബ്രോയ്ഡ് ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്.

സ്ത്രീഹോർമോണായ ഈസ്ട്രജനോട് ഉയർന്ന തോതിൽ പ്രതികരിക്കുന്ന മുഴകളാണ് ഇവ. അതുകൊണ്ടാണ് ഈസ്ട്രജന്റെ അളവ് കൂടിനിൽക്കുന്ന, ഉയർന്ന പ്രത്യുല്പാദനശേഷിയുള്ള ജീവിതഘട്ടത്തിൽ തന്നെ ഇവ സ്ത്രീകളിൽ തലവേദനയാകുന്നത്. ആർത്തവവിരാമത്തിനു ശേഷം ഈസ്ട്രജന്റെ അളവ് കുറയുമ്പോൾ ഈ മുഴകൾ തനിയെ ചുരുങ്ങാറുണ്ട്.

**സർജറി മാത്രമോ പോംവഴി?**

ഗർഭാശയത്തിൽ മുഴകളുള്ള എല്ലാവർക്കും ശസ്ത്രക്രിയ ആവശ്യമില്ല. മുഴയുടെ വലിപ്പം, സ്വഭാവം, രോഗിയുടെ ആരോഗ്യസ്ഥിതി, പ്രായം തുടങ്ങി നിരവധി ഘടകങ്ങളെ ആസ്പദമാക്കി വ്യത്യസ്തചികിത്സാരീതികൾ അവലംബിക്കാവുന്നതാണ്. വേദനയും രക്തസ്രാവവും കുറയ്ക്കാൻ മരുന്നുകൾ ലഭ്യമാണ്. ഈ മരുന്നുകൾ 50% രോഗികളിൽ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മരുന്ന് കഴിക്കുന്നത് നിർത്തുമ്പോൾ മുഴകൾ വീണ്ടും വരാം. ചില മരുന്നുകൾ കരളിന് പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നതിനാൽ അവ ദീർഘകാലം ഉപയോഗിക്കാനാകില്ല.

മുഴകൾ ചുരുക്കുന്നതിനായി ഗർഭനിയന്ത്രണത്തിന് ഉപയോഗിക്കുന്ന റ ആകൃതിയിലുള്ള ഉപകരണത്തിന് സമാനമായ ഒന്ന് ശരീരത്തിനുള്ളിൽ വെയ്ക്കാറുണ്ട്. എന്നാൽ ഗർഭാശയദ്വാരം കൃത്യമല്ലെങ്കിൽ ഈ മാർഗം ഫലപ്രദമാകില്ല. മുഴകൾ ചുരുക്കാൻ ചില പ്രത്യേക ഹോർമോണുകളും ഉപയോഗിക്കാറുണ്ട്. ഈ ഹോർമോണുകൾ ആർത്തവവിരാമത്തിനു സമാനമായ അവസ്ഥയുണ്ടാക്കുകയാണ് ചെയ്യുന്നത്. കൂടാതെ, മുഴകളിലേക്ക് രക്തമെത്തിക്കുന്ന കുഴലുകളിൽ രക്തപ്രവാഹം തടസപ്പെടുത്തുന്ന മാർഗ്ഗവുമുണ്ട് (യൂറ്ററൈൻ ഫൈബ്രോയ്ഡ് എംബോലൈസേഷൻ). രക്തയോട്ടം ഇല്ലാതാകുന്നതോടെ മുഴകൾ ചുരുങ്ങും. താപനില ഉപയോഗിച്ച് ഫൈബ്രോയിഡുകളെ നശിപ്പിക്കുന്ന രീതിയും ഇപ്പോൾ പ്രചാരത്തിലുണ്ട്. എംആർഐ അൾട്രാസൗണ്ട് ഉപയോഗിച്ച് നേരിട്ട് മുഴകളെ നശിപ്പിക്കുന്ന രീതിയും മികച്ച ഫലപ്രാപ്തി നൽകിവരുന്നു.എന്നാൽ മുഴകൾ വലിപ്പമേറിയതാണെങ്കിൽ ശസ്ത്രക്രിയ അനിവാര്യമായി വരാറുണ്ട്. ലക്ഷണങ്ങൾ അതികഠിനമായി മാറുകയോ വന്ധ്യതയ്ക്ക് കാരണമാകുകയോ ചെയ്യുന്നുണ്ടെങ്കിലും ശസ്ത്രക്രിയ വേണം.

ശസ്ത്രക്രിയയിലൂടെ ഗർഭാശയത്തിലെ മുഴകൾ നീക്കുന്നതിന് നാല് മാർഗങ്ങളാണുള്ളത്. തുറന്ന ശസ്ത്രക്രിയയോ താക്കോൽദ്വാര ശസ്ത്രക്രിയയോ റോബോട്ടിക് സർജറിയോ ഉപയോഗിച്ച് മുഴകളെ നേരിട്ട് എടുത്തുകളയുന്ന രീതിയുണ്ട്. അമിതമായ രക്തസ്രാവം, വേദന, വന്ധ്യത, സമ്മർദ്ദം എന്നിവ പരിഹരിക്കാൻ ആദ്യഘട്ടത്തിൽ ഈ രീതി ഉപയോഗിക്കാം. യോനിയിലൂടെ ഗർഭാശയത്തിലേക്ക് കനംകുറഞ്ഞ ഒരു കുഴൽ കടത്തിവിട്ട് മുഴകൾ നീക്കുന്ന രീതിയുമുണ്ട്. ഹിസ്റ്ററോസ്കോപി എന്ന ഉപകരണവും ഇതിനുപയോഗിക്കാറുണ്ട്. വളരെ കനം കുറഞ്ഞ ഒരു ടെലിസ്കോപ് ആണിവ. ഇവയിലൂടെ മുഴകളെ നേരിട്ട് നിരീക്ഷിച്ച് അവയെ നീക്കം ചെയ്യാനാകും.

മുഴകൾ വീണ്ടും ഉണ്ടാകാനുള്ള സാധ്യതയാണ് ഈ ചികിത്സാരീതികളുടെ പ്രധാന പോരായ്മ. ഗർഭാശയം പൂർണമായും നീക്കംചെയ്യുന്നതാണ് അവസാനത്തെ രീതി. മറ്റ് മാർഗങ്ങളൊന്നും ഫലംകാണുന്നില്ലെങ്കിൽ മാത്രമേ ഈ രീതി അവലംബിക്കാറുള്ളു. വേദനയില്ലാതെ ഈ ശസ്ത്രക്രിയ നടത്തുന്നതിന് ഇപ്പോൾ ആധുനിക സംവിധാനങ്ങളുണ്ട്. ആർത്തവവിരാമത്തിന് അടുത്തെത്തിനിൽക്കുന്ന സ്ത്രീകളിൽ കാണുന്ന ചെറിയ മുഴകൾക്ക് ശസ്ത്രക്രിയ നടത്തേണ്ട ആവശ്യമില്ല.

**എല്ലാ ഫൈബ്രോയ്ഡും ക്യാൻസർ ആണോ?**

ഗർഭാശയത്തിൽ ഉണ്ടാകുന്ന മുഴകൾ അർബുദമാണോ അല്ലയോ എന്ന് തിരിച്ചറിയുന്നത് അത്ര എളുപ്പമല്ല. സാധാരണ സ്കാനിങ് കൊണ്ടുമാത്രം ക്യാൻസർ തിരിച്ചറിയാനാകില്ല. മാത്രമല്ല, ഗർഭാശയ അർബുദത്തിനും ഫൈബ്രോയ്ഡിനും ഒരേ ലക്ഷണങ്ങളാണ് കാണാറുള്ളത്. അതുകൊണ്ടുതന്നെ കൃത്യമായ പരിശോധനകൾ നടത്തേണ്ടത് അനിവാര്യമാണ്. മുഴകൾ വളരെ പെട്ടെന്ന് വളരെയധികം വളരുകയും രോഗിയുടെ ശരീരഭാരം പെട്ടെന്ന് കുറയുകയും ചെയ്താൽ ഉറപ്പായും ക്യാൻസർ സാധ്യത പരിശോധിക്കണം. ഇതിനായി ബയോപ്സി, രക്തപരിശോധനകൾ എന്നിവ നടത്താവുന്നതാണ്. കുടുംബപാരമ്പര്യം, ജീവിതസാഹചര്യം എന്നിവയും രോഗം വേർതിരിച്ചറിയുന്നതിൽ നിർണായകമാണ്.





# വയനാട് ഉരുൾപൊട്ടൽ:കൺട്രോൾ റൂമുകളിൽ കെഫോൺ കണക്ഷൻ നൽകി

**തിരുവനന്തപുരം:** വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ കെഫോൺ അതിവേഗ ഇന്റർനെറ്റ് കണക്ഷൻ നൽകി. ദുരന്തബാധിത പ്രദേശത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി റവന്യൂ കൺട്രോൾ റൂമിലേക്കും പോലീസ് കൺട്രോൾ റൂമിലേക്കും അതിവേഗ 500 എം.ബി.പി.എസ് കണക്ഷനുകളാണ് നൽകിയത്. വയനാട് സബ് കലക്ടറുടെ ആവശ്യ പ്രകാരം കെഫോൺ വൈഫൈ ഉപയോഗിക്കാനാവുന്ന കണക്ഷനുകളാണ് ഓഗസ്റ്റ് രണ്ടാം തീയതിയോടെ നൽകിയത്. ഇതോടെ കേരളത്തിലെ എല്ലാ ജില്ലാ ഭരണസിരാകേന്ദ്രങ്ങൾ തമ്മിലുള്ള ആശയവിനിമയം ധ്രുതഗതിയിൽ നടത്താൻ സഹായകമായി.വയനാടുണ്ടായ ദുരന്തത്തിൽ അതിയായ ദുഃഖം രേഖപ്പെടുത്തുന്നതായും റെസ്ക്യൂ അടക്കമുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സഹായിക്കുന്ന രീതിയിലാണ് കെഫോൺ കണക്ഷൻ ലഭ്യമാക്കിയിരിക്കുന്നതെന്നും കെഫോൺ മാനേജിങ് ഡയറക്ടറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. സന്തോഷ് ബാബു ഐ.എ.എസ് പറഞ്ഞു. എൻജിനിയർമാരുടെ അവിശ്വസനീയമായ പരിശ്രമം കാരണമാണ് ഇത്ര വേഗത്തിൽ കണക്ഷൻ ലഭ്യമാക്കാൻ കഴിഞ്ഞത്. ഇതിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ ജീവനക്കാർക്കും നന്ദി അറിയിക്കുന്നതായും റെസ്ക്യൂ ടീമുകൾ ഉൾപ്പടെയുള്ള ദുരിതാശ്വാസ പ്രവർത്തകരെ പിന്തുണയ്ക്കാൻ തടസമില്ലാത്ത ആശയവിനിമയം കെഫോൺ ഉറപ്പാക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വയോജന പരിചരണം: സൗജന്യ കോഴ്സുമായി ഫെഡറൽ ബാങ്ക്

**കൊച്ചി :** ഫെഡറൽ ബാങ്കിന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ കീഴിലുള്ള നൈപുണ്യ പരിശീലന സ്ഥാപനമായ ഫെഡറൽ സ്കിൽ അക്കാദമി സൗജന്യ വയോജന പരിചരണ (ജെറിയാട്രിക് കെയർ) കോഴ്സ് ആരംഭിച്ചു. വീടുകൾ, ആശുപത്രികൾ, വൃദ്ധസദനങ്ങൾ, കമ്യൂണിറ്റി സെന്ററുകൾ തുടങ്ങിയ ഇടങ്ങളിലുള്ള വയോജനങ്ങൾക്ക് നൽകേണ്ട പരിചരണമാണ് കോഴ്സിലൂടെ പരിശീലിപ്പിക്കുന്നത്.നാലുമാസം ദൈർഘ്യമുള്ള കോഴ്സിന് ഇരുപതു പേർക്കാണ് പ്രവേശനം ലഭിക്കുക. പ്ലസ് ടു ആണ് ആവശ്യമായ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത. കുടുംബത്തിന്റെ വാർഷികവരുമാനം അഞ്ചുലക്ഷം രൂപയിൽ കവിയാൻ പാടില്ല. പ്രായപരിധി ഇരുപതു മുതൽ നാൽപ്പതു വരെ.കൊച്ചിയിലെ കലൂരിലുള്ള ഫെഡറൽ സ്കിൽ അക്കാദമിയിലാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് ജോലി കണ്ടെത്താനുള്ള സഹായവും ബാങ്ക് നൽകുന്നതാണ്.അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 24. കൂടുതൽ വിവരങ്ങൾക്ക് രാവിലെ പത്തിനും വൈകീട്ട് നാലിനുമിടയിൽ 9809627539 അല്ലെങ്കിൽ 8848481003 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

# പ്രവാസി വനിതകൾക്കായി നോർക്ക സൗജന്യ സംരംഭകത്വ ശിൽപശാല

**തിരുവനന്തപുരം:** പ്രവാസി വനിതകൾക്കായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഏകദിന സൗജന്യ സംരംഭകത്വ ശിൽപശാല സെപ്റ്റംബറിൽ എറണാകുളത്ത് നടക്കും. കളമശ്ശേരി ഗകളൂ ക്യാമ്പസ്സിൽ നടക്കുന്ന ശിൽപശാലയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ആഗസ്റ്റ് 20 നു മുൻപായി ഇമെയിൽ/ ഫോൺ മുഖാന്തിരം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരി അറിയിച്ചു. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കു മാത്രമാകും പ്രവേശനം. ഇതിനായി 04712770534/ +918592958677 നമ്പറിലോ (പ്രവൃത്തി ദിനങ്ങളിൽഓഫീസ് സമയത്ത്) ിയളര.രീൃഗശമ്യേ@ഴാമശഹ.രീാ എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

നാട്ടിൽ തിരിച്ചെത്തിയ പ്രവാസി വനിതകൾക്ക് ബിസ്സിനസ്സ് സംരംഭങ്ങളോ സ്വയംതൊഴിലോ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും സഹായകരമാകുന്നതാണ് പരിശീലനം. ഉചിതമായ സംരംഭക പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും ബാങ്ക് വായ്പകളുടെ സാധ്യതകൾ, നോർക്ക റൂട്ട്സ് വഴി നൽകി വരുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ചും അവബോധം നൽകുന്നതിനും ലക്ഷ്യമിട്ടാണ് ശിൽപശാല. സംസ്ഥാനത്ത് പ്രവാസി സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നോർക്ക സെന്ററിൽ പ്രവർത്തിക്കുന്ന ഏകജാലക സംവിധാനമാണ് എൻ.ബി.എഫ്.സി. കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

# ഫ്രണ്ട് ലോഡ് വാഷിംഗ് മെഷീനുകളുമായി ബിഎസ് എച്ച് ഹോം അപ്ലയൻസസ്

**കൊച്ചി :**ബിഎസ് എച്ച് ഹോം അപ്ലയൻസസ് തങ്ങളുടെ ഏറ്റവും പുതിയ ശ്രേണിയായ 'മെയ്ഡ്ഇൻഇന്ത്യ' ബോഷ്, സീമെൻസ് ഫ്രണ്ട് ലോഡിംഗ് വാഷിംഗ് മെഷീനുകൾ അവതരിപ്പിച്ചു. 910 കി.ഗ്രാം ഭാരം കൈകാര്യം ചെയ്യാനുള്ള ശേഷി, നൂതനമായ ഊർജ്ജ മികവ്, അത്യാധുനിക സാങ്കേതികവിദ്യ എന്നിവയുള്ള ഈ വാഷിംഗ് മെഷീനുകൾ എല്ലാ അലക്ക് ആവശ്യങ്ങളും കൃത്യതയോടെയും ശക്തിയോടെയും നിറവേറ്റുന്ന വിധത്തിലാണ് വാഷിംഗ് മെഷീൻ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി അധികൃതർ അറിയിച്ചു.
സിൽവർ, ഡാർക്ക് ഗ്രേ, ഡാർക്ക് ലേക്ക് എന്നീ ആകർഷകമായ വർണ്ണങ്ങളിൽ ഇവ ലഭ്യമാണ്.

# മാനസികാരോഗ്യം ഉറപ്പാക്കാൻ ദീർഘകാല മാനസികാരോഗ്യ പദ്ധതി: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വയനാട് ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് ദീർഘകാല മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ആരോഗ്യ വകുപ്പുന്റെ നേതൃത്വത്തിൽ വനിത ശിശുവികസന വകുപ്പിന്റെ സഹകരണത്തോടെ മാനസിക പിന്തുണ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തമായി നടത്തി വരുന്നു. 137 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതുകൂടാതെ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനം കൂടി ഉറപ്പാക്കും. കൂടുതൽ ഫീൽഡുതല ജീവനക്കാരെ വീടുകളിലേക്ക് അയക്കുന്നതാണ്. മാനസികാരോഗ്യത്തിന് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ കെ.എം.എസ്.സി.എൽ.ന് നിർദേശം നൽകി. ഇത്തരം ദുരന്തങ്ങളിൽ ദീർഘകാല മാനസിക പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ അത് മുന്നിൽ കണ്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആവിഷ്ക്കരിച്ച് വരുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

മഴ കുറഞ്ഞത് കാരണം ക്യാമ്പുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്. ചെക്ക് ലിസ്റ്റ് പ്രകാരം മെഡിക്കൽ ടീം ക്യാമ്പുകൾ സന്ദർശിച്ചു. ക്യാമ്പിലുള്ളവർക്ക് ആരോഗ്യ സേവനം ഉറപ്പാക്കിയിട്ടുണ്ട്. 14 സ്ഥലങ്ങളിലും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. 2 മൊബൈൽ ലാബുകൾ സജ്ജമാക്കി. സന്നദ്ധ പ്രവർത്തകർക്കും ജീവനക്കാർക്കും എലിപ്പനി പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ വിതരണം ചെയ്തു വരുന്നു. മൃതദേഹങ്ങൾ ആശുപത്രിയിലെത്തിക്കാനും തിരികെ കൊണ്ടുപോകാനുമായി 149 ആബുലൻസുകൾ സജ്ജമാണ്. മൃതദേഹങ്ങൾ സൂക്ഷിക്കാനായി 138 ഫ്രീസറുകൾ അധികമായുണ്ട്. 225 മൃതദേഹങ്ങളും 181 ശരീര ഭാഗങ്ങളുമാണ് ഇതുവരെ കിട്ടിയത്.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, സ്റ്റേറ്റ് മെഡിക്കൽ ബോർഡ് അംഗങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാം മാനേജർ, ജില്ലാ സർവൈലൻസ് ഓഫീസർ എന്നിവർ പങ്കെടുത്തു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | CUSTOMER SATISFACTION 100% GUARANTEED | CERTIFIED ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com